## ഏലിയാ സ്ലീവാക്കാലം ഏഴാം ഞായർ

**മത്താ 10:1-15**

### തമ്പുരാന്റെ ഹൃദയത്തുടിപ്പുകൾ അടയാളപ്പെടുത്തേണ്ടവർ...

**റവ.ഡോ. വർഗീസ് അമ്പലത്തിങ്കൽ**

ഇന്ന് മിഷൻ ഞായർ. യേശു തന്റെ പ്രേഷിതദൗത്യം തുടർന്നു കൊണ്ടുപോകുന്നതിനു പന്ത്രണ്ടു അപ്പസ്തോലന്മാരെ തെരഞ്ഞെടുത്ത് അവരെ വിളഭൂമിയിലേക്ക് അയക്കുന്ന സുവിശേഷ ഭാഗമാണ് ഈ ദിവസം നമ്മൾ ധ്യാനവിഷയമാക്കുന്നത്.

അപ്പസ്തോലന്മാരെ എന്തിനു വേണ്ടിയാണ് യേശു തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കുന്നതാണ് ഈ സുവിശേഷ ഭാഗത്തിനു തൊട്ടുമുമ്പുള്ള ഭാഗം (മത്താ 9:35-38). പഠിപ്പിച്ചും സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ച യേശുവിനു ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ അവരുടെമേൽ അനുകമ്പ തോന്നിയെന്നാണ് പ്രസ്തുത സുവിശേഷഭാഗത്തിൽ കാണുക. തുടർന്ന് തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാൻ അവിടുന്ന് ആഹ്വാനം ചെയ്യുന്നു. വിശുദ്ധ ലൂക്കായുടെ സുവിശേഷമനുസരിച്ച് അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് യേശു മലയിലേക്കു പോകുകയും അവിടെ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചെലവഴിക്കുകയും ചെയ്തു. യേശു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും പ്രാർത്ഥിച്ചുകൊണ്ട് മാതൃക നല്കുകയും ചെയ്യുക മാത്രമല്ല പ്രഭാതമായപ്പോൾ തന്റെ ശിഷ്യന്മാരെ അടുത്തുവിളിച്ച് അവരിൽ നിന്ന് പന്ത്രണ്ടുപേരെ തന്റെ പ്രേഷിതദൗത്യം തുടർന്നു കൊണ്ടുപോകുന്നതിനു തിരഞ്ഞെടുക്കുകയാണ് ചെയ്തത് (ലൂക്കാ 6:12-16). പരിഭ്രാന്തരും നിസ്സഹായരുമായ ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ യേശുവിനു അവരുടെമേൽ അനുകമ്പ തോന്നിയതിന്റെ ഫലമായിട്ടാണ് പന്ത്രണ്ടു അപ്പസ്തോലന്മാരെ അവിടുന്നു തെരഞ്ഞെടുത്തത്. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും സഭയുമൊക്കെ നിലനിൽക്കുന്നത് യേശുവിന്റെ അനുകമ്പാർദ്രമായ സ്നേഹം ജനഹൃദയങ്ങളിലേക്ക് പകരുന്നതിനാണ്; വളരെ പ്രത്യേകമായി വേദനിക്കുന്ന, പാർശ്വവത്കരിക്കപ്പെട്ട, നിസ്സഹായരായ ജനഹൃദയങ്ങളിലേക്ക് മറ്റ് വാക്കിൽ പറഞ്ഞാൽ, സഭയും സഭാസംവിധാനങ്ങളും നിലനിൽക്കുന്നത് മനുഷ്യനു വേണ്ടിയാണ്. അല്ലാതെ മനുഷ്യൻ സഭയ്ക്കു വേണ്ടിയല്ല.

പന്ത്രണ്ട് അപ്പസ്തോലന്മാർ പഴയനിയമത്തിലെ പന്ത്രണ്ട് ഇസ്രായേൽ ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നു. യേശു തെരഞ്ഞെടുത്ത പന്ത്രണ്ടുപേർ ഒരിക്കലും തെറ്റുപറ്റാത്ത എല്ലാം തികഞ്ഞ പരിപൂർണരായിരുന്നില്ല. ഒറ്റിക്കൊടുത്ത യൂദാസും, തള്ളിപ്പറഞ്ഞ പത്രോസും, സംശയിച്ച തോമസും, ചുങ്കക്കാരനായ മത്തായിയും, തീവ്രവാദിയായി അറിയപ്പെട്ടിരുന്ന ശിമയോനും ഉൾപ്പെട്ടതാണ് ആ പന്ത്രണ്ടുപേർ. സ്വന്തം യോഗ്യതയോ, കഴിവോ അല്ല ദൈവവിളിയുടെ മാനദണ്ഡം; അത് ദൈവത്തിന്റെ ദാനമാണ്. വിളിച്ചവനെ അനുഗമിച്ചുകൊണ്ട് പുണ്യപൂർണതയ്ക്കായി യത്നിക്കുന്ന പാപികളും ബലഹീനരുമായവരുടെ കൂട്ടായ്മയാണ് സഭ.

വ്യക്തമായ മാർഗനിർദേശങ്ങൾ നല്കിക്കൊണ്ടാണ് യേശു ശിഷ്യന്മാരെ അയയ്ക്കുക. പോകുമ്പോൾ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി. ദാനമായിത്തന്നെ കൊടുക്കുവിൻ. യേശുവിന്റെ അതേ പ്രേഷിതദൗത്യം തന്നെയാണ് അപ്പസ്തോലന്മാരുടെതും, സഭയുടെതും. എല്ലാറ്റിലുമുപരി ദരിദ്രരും രോഗികളുമായവരുടെ അടുത്തേക്ക്, സാധാരണയായി നിന്ദിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നവരുടെ അടുത്തേക്ക്, പകരം നല്കുവാൻ ഒന്നുമില്ലാത്തവരുടെ അടുത്തേക്ക് പോകുവാനായിട്ടാണ് യേശു അപ്പസ്തോലന്മാരോട് ആഹ്വാനം ചെയ്യുന്നത്. സഭയുടെ പ്രേഷിത രൂപാന്തരീകരണത്തെക്കുറിച്ചുള്ള ഫ്രാൻസിസ് മാർപാപ്പായുടെ ചിന്തകൾ പ്രചോദനാത്മകമാണ്. നമ്മൾ എല്ലാവരും നമ്മുടെ സുഖസൗകര്യങ്ങളുടെ വലയങ്ങളിൽ നിന്ന്, സുവിശേഷത്തിന്റെ വെളിച്ചം ആവശ്യമായിരിക്കുന്ന പുറംപോക്കുകളിലേക്ക് പോകുവാനുള്ള അവിടുത്തെ വിളി അനുസരിക്കേണ്ടതുണ്ട്. ഗുരുവിന്റെ മാതൃകയോട് വിശ്വസ്തത

പുലർത്തിക്കൊണ്ട് മുന്നോട്ടു പോകുകയും എല്ലായിടത്തും എല്ലാ അവസരങ്ങളിലും ആശങ്കയോ വൈമുഖ്യമോ ഭീതിയോ കൂടാതെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്യുക എന്നത് ഇന്നത്തെ സഭയെ സംബന്ധിച്ചിടത്തോളം സജീവ പ്രാധാന്യം അർഹിക്കുന്നു. തെരുവിൽ ആയിരുന്നതുമൂലം പരുക്കു പറ്റിയ, വേദനിക്കുന്ന, അഴുക്കുപുരണ്ട ഒരു സഭയാണ്; സ്വന്തം സുരക്ഷിതത്വത്തിലേക്ക് ചുരുങ്ങുകയും അതിനോട് ഒട്ടിനിൽക്കുകയും ചെയ്യുന്നതിനാൽ അനാരോഗ്യമുള്ള ഒരു സഭയെക്കാൾ എനിക്കിഷ്ടം. പ്രേഷിതചൈതന്യം വീണ്ടെടുക്കാൻ ഈ മിഷൻ ഞായർ നമ്മെ സഹായിക്കട്ടെ.